പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 109

# 2022-ലെ കേരള സ്വകാര്യ വനങ്ങൾ (നിക്ഷിപ്തമാക്കലും പതിച്ചുകൊടുക്കലും) ഭേദഗതി ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2022

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 109

# 2022-ലെ കേരള സ്വകാര്യ വനങ്ങൾ (നിക്ഷിപ്തമാക്കലും പതിച്ചുകൊടുക്കലും) ഭേദഗതി ബിൽ

646/2022

പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 109

# 2022-ലെ കേരള സ്വകാര്യ വനങ്ങൾ (നിക്ഷിപ്തമാക്കലും പതിച്ചുകൊടുക്കലും) ഭേദഗതി ബിൽ

1971-ലെ കേരള സ്വകാര്യ വനങ്ങൾ (നിക്ഷിപ്തമാക്കലും പതിച്ചുകൊടുക്കലും)ആക്ട് വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—1971-ലെ കേരള സ്വകാര്യ വനങ്ങൾ (നിക്ഷിപ്തമാക്കലും പതിച്ചുകൊടുക്കലും) ആക്ട് (1971-ലെ 26) ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിമൂന്നാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:-

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2022-ലെ കേരള സ്വകാര്യ വനങ്ങൾ (നിക്ഷിപ്തമാക്കലും പതിച്ചുകൊടുക്കലും) ഭേദഗതി ആക്ട് എന്ന് പേര് പറയാം.

(2) ഇത് 1971 മേയ് 10-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. 3-ാം വകുപ്പിനുള്ള ഭേദഗതി.—1971-ലെ കേരള സ്വകാര്യ വനങ്ങൾ (നിക്ഷിപ്തമാക്കലും പതിച്ചുകൊടുക്കലും) ആക്റ്റിലെ (1971-ലെ 26) (ഇതിനുശേഷം പ്രധാന ആക്ട് എന്നാണ് പരാമർശിക്കപ്പെടുക) 3-ാം വകുപ്പിൽ (4)-ാം ഉപവകുപ്പിനു ശേഷം, താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത് :—

"(5) 1963-ലെ കേരള ഭൂപരിഷ്കരണ ആക്റ്റിലോ (1964-ലെ 1) തത്സമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിലോ ഏതെങ്കിലും കോടതിയുടെയോ ട്രൈബ്യൂണലിന്റെയോ ഏതെങ്കിലും വിധിന്യായത്തിലോ ഡിക്രിയിലോ ഉത്തരവിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, പ്രസ്തുത ആക്റ്റിലെ 72 കെ വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം നൽകിയ ഒരു ക്രയ സർട്ടിഫിക്കറ്റ്, ഈ ആക്റ്റിന്റെ പ്രാരംഭ തീയതിയിൽ ഒരാളുടെ കൈവശമുണ്ടായിരുന്ന ഭൂമി താൻ നേരിട്ട് കൃഷി ചെയ്യുന്നതാണെന്ന് തെളിയിക്കുന്നതിന് വേണ്ടിയുള്ള ഒരു തെളിവ് ആകാവുന്നതാണെങ്കിലും ഈ ആക്റ്റിന്റെ ആവശ്യങ്ങൾക്കായി ഒരു തർക്കമറ്റ തെളിവാകുന്നതല്ലാത്തതാണ്.".

3. റദ്ദാക്കലും ഒഴിവാക്കലും.—(1) 2022-ലെ കേരള സ്വകാര്യ വനങ്ങൾ (നിക്ഷിപ്തമാക്കലും പതിച്ചുകൊടുക്കലും) ഭേദഗതി ഓർഡിനൻസ് (2022-ലെ 7) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽത്തന്നെയും, പ്രസ്തുത ഓർഡിനൻസ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻ കീഴിൽ ചെയ്തതോ ചെയ്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും കാര്യമോ എടുത്തതോ എടുത്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും നടപടിയോ ഈ ആക്റ്റ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻ കീഴിൽ ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

സംസ്ഥാനത്തെ സ്വകാര്യവനങ്ങൾ സർക്കാരിൽ നിക്ഷിപ്തമാക്കുകയും അവ കർഷകർക്കും കർഷക തൊഴിലാളികൾക്കും കൃഷി ചെയ്യുന്നതിന് പതിച്ചുകൊടുക്കുകയും ചെയ്യുന്നതിന് 1971-ലെ കേരള സ്വകാര്യ വനങ്ങൾ (നിക്ഷിപ്തമാക്കലും പതിച്ചുകൊടുക്കലും) ആക്റ്റ് (1971-ലെ 26) വ്യവസ്ഥ ചെയ്യുന്നു.

2. 1963-ലെ കേരള ഭൂപരിഷ്കരണ ആക്റ്റിലെ (1964-ലെ 1) 72 കെ വകുപ്പ് (2)-ാം ഉപവകുപ്പ് പ്രകാരം, (1)-ാം ഉപവകുപ്പ് പ്രകാരം നൽകിയ ക്രയസർട്ടിഫിക്കറ്റ്, പതിച്ചുകൊടുത്തത് ഏത് കൈവശ ഭൂമിയോ അതിന്റെ ഭാഗമോ ആണോ ആ കൈവശ ഭൂമിയിന്മേലോ ഭാഗത്തിന്മേലോ, ഭൂവുടമയ്ക്കും മദ്ധ്യവർത്തികൾ വല്ലവരുമുണ്ടെങ്കിൽ അവർക്കും ഉള്ള അവകാശവും ഉടമാവകാശവും അവകാശബന്ധവും, കുടിയാന് പതിച്ചുകൊടുത്തതിനുള്ള തർക്കമറ്റ തെളിവായിരിക്കുന്നതാണ്. 1963-ലെ കേരള ഭൂപരിഷ്കരണ ആക്റ്റിലെ (1964-ലെ 1) 72 കെ വകുപ്പ് (2)-ാം ഉപവകുപ്പ് പ്രകാരം നൽകിയ ക്രയ സർട്ടിഫിക്കറ്റ് നടപ്പുകുടിയാൻ എന്ന നിലയിൽ ഭൂമി എതിർകക്ഷിയുടെ കൈവശാവകാശത്തിലാണ് എന്നതിന് ഒരു തർക്കമറ്റ തെളിവുകൂടിയാകുന്നതും 1971-ലെ കേരള സ്വകാര്യ വനങ്ങൾ (നിക്ഷിപ്തമാക്കലും പതിച്ചുകൊടുക്കലും) ആക്റ്റിലെ (1971-ലെ 26) 3-ാം വകുപ്പ് (2)-ാം ഉപവകുപ്പ് പ്രകാരം പ്രസ്തുത ഭൂമി നിക്ഷിപ്തമാക്കലിൽ നിന്നും ഒഴിവാക്കപ്പെട്ടിട്ടുണ്ടെന്നും സ്റ്റേറ്റ് ഓഫ് കേരള *അഭി* മുഹമ്മദ് ബഷീർ [2019 (1) കെ.എൽ.റ്റി. 386 (എസ്.സി)] എന്ന കേസിൽ ബഹു. സുപ്രീം കോടതി വിധിച്ചിട്ടുള്ളതാണ്. പ്രസ്തുത വിധിന്യായം സംസ്ഥാനത്തെ വനഭൂമി സംബന്ധിച്ച് ദൂരവ്യാപകമായ പ്രത്യാഘാതം ഉണ്ടാക്കുന്നതും സംസ്ഥാനത്തെ ആദിമവനങ്ങൾ വലിയ തോതിൽ നഷ്ടപ്പെടുന്നതിന് കാരണമാകുന്നതുമാണ്. ഈ സാഹചര്യം നിലനിൽക്കുന്ന

പക്ഷം, 1971-ലെ കേരള സ്വകാര്യ വനങ്ങൾ (നിക്ഷിപ്തമാക്കലും പതിച്ചുകൊടുക്കലും) ആക്ടിലെ പ്രസ്തുത വ്യവസ്ഥകളുമായി ബന്ധപ്പെട്ട് ബഹു. കേരള ഹൈക്കോടതി മുമ്പാകെ നിലവിലുള്ള 90% കേസുകളും സംസ്ഥാനത്തിനെതിരായി തീരുമാനിക്കാനിടയുണ്ട്. ഇത് സ്വകാര്യ വനങ്ങളുമായി ബന്ധപ്പെട്ട വ്യവഹാരങ്ങളിൽ വിനാശകരവും വ്യാപകവുമായ പ്രത്യാഘാതങ്ങൾ ഉണ്ടാക്കും. ആയതിനാൽ, 1971-ലെ കേരള സ്വകാര്യ വനങ്ങൾ (നിക്ഷിപ്തമാക്കലും പതിച്ചുകൊടുക്കലും) ആക്ടിലെ (1971-ലെ 26) 3-ാം വകുപ്പ് 1971 മേയ് 10-ാം തീയതി മുതൽ മുൻകാലപ്രാബല്യത്തോടെ ഭേദഗതി ചെയ്യുന്നതിന് സർക്കാർ തീരുമാനിച്ചു.

3. കേരള സംസ്ഥാന നിയമസഭ സമ്മേളനത്തിലല്ലാതിരുന്നതിനാലും മേല്പറഞ്ഞ നിർദ്ദേശം ഉടൻ നടപ്പിലാക്കേണ്ടിയിരുന്നതിനാലും 2020-ലെ കേരള സ്വകാര്യ വനങ്ങൾ (നിക്ഷിപ്തമാക്കലും പതിച്ചുകൊടുക്കലും) ഭേദഗതി ഓർഡിനൻസ്, 2020 മേയ് 22-ാം തീയതി കേരള ഗവർണർ വിളംബരപ്പെടുത്തുകയും ആയത് 2020 മേയ് 25-ാം തീയതിയിലെ 1262-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ 2020-ലെ 35-ാം നമ്പർ ഓർഡിനൻസായി പ്രസിദ്ധീകരിക്കുകയും ചെയ്തു.

4. പ്രസ്തുത ഓർഡിനൻസിന് പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്ട് കൊണ്ടുവരുന്നതിനുള്ള ഒരു ബിൽ, 2020 ആഗസ്റ്റ് 24-ാം തീയതി ആരംഭിച്ച് അന്നേ ദിവസം അവസാനിച്ച കേരള നിയമസഭയുടെ സമ്മേളനകാലത്ത് അവതരിപ്പിക്കുവാനും പാസ്സാക്കുവാനും കഴിഞ്ഞിരുന്നില്ല.

5. പ്രസ്തുത ഓർഡിനൻസിലെ വ്യവസ്ഥകൾ നിലനിർത്തുന്നതിനായി 2020-ലെ കേരള സ്വകാര്യ വനങ്ങൾ (നിക്ഷിപ്തമാക്കലും പതിച്ചുകൊടുക്കലും) ഭേദഗതി ഓർഡിനൻസ്, 2020 സെപ്റ്റംബർ 26-ാം തീയതി കേരള ഗവർണർ വിളംബരപ്പെടുത്തുകയും ആയത് 2020 സെപ്റ്റംബർ 29-ാം തീയതിയിലെ 2202-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ 2020-ലെ 59-ാം നമ്പർ ഓർഡിനൻസായി പ്രസിദ്ധീകരിക്കുകയും ചെയ്തു.

6. പ്രസ്തുത ഓർഡിനൻസിന് പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്ട് കൊണ്ടുവരുന്നതിനുള്ള ഒരു ബിൽ, കേരള നിയമസഭയുടെ 2020 ഡിസംബർ 31-ാം തീയതിയിലെ ഒരു ദിവസ സമ്മേളനകാലത്തോ 2021 ജനുവരി 8-ാം തീയതി ആരംഭിച്ച് 2021 ജനുവരി 22-ാം തീയതി അവസാനിച്ച സമ്മേളനകാലത്തോ അവതരിപ്പിക്കുവാനും പാസ്സാക്കുവാനും കഴിഞ്ഞിരുന്നില്ല.

7. പ്രസ്തുത ഓർഡിനൻസിലെ വ്യവസ്ഥകൾ നിലനിർത്തുന്നതിനായി 2021-ലെ കേരള സ്വകാര്യ വനങ്ങൾ (നിക്ഷിപ്തമാക്കലും പതിച്ചുകൊടുക്കലും) ഭേദഗതി ഓർഡിനൻസ്, 2021 ഫെബ്രുവരി 9-ാം തീയതി കേരള ഗവർണർ വിളംബരപ്പെടുത്തുകയും ആയത് 2021 ഫെബ്രുവരി 10-ാം തീയതിയിലെ 671-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ 2021-ലെ 30-ാം നമ്പർ ഓർഡിനൻസായി പ്രസിദ്ധീകരിക്കുകയും ചെയ്തു.

8. പ്രസ്തുത ഓർഡിനൻസിന് പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുള്ള ഒരു ബിൽ, 2021 മേയ് 24-ാം തീയതി ആരംഭിച്ച് 2021 ജൂൺ 10-ാം തീയതി അവസാനിച്ച പതിനഞ്ചാമത് കേരള നിയമസഭയുടെ സമ്മേളനകാലത്ത് അവതരിപ്പിക്കുവാനും പാസ്സാക്കുവാനും കഴിഞ്ഞിരുന്നില്ല.

9. പ്രസ്തുത ഓർഡിനൻസിലെ വ്യവസ്ഥകൾ നിലനിർത്തുന്നതിനായി 2021-ലെ കേരള സ്വകാര്യ വനങ്ങൾ (നിക്ഷിപ്തമാക്കലും പതിച്ചുകൊടുക്കലും) ഭേദഗതി ഓർഡിനൻസ്, 2021 ജൂലൈ 1-ാം തീയതി കേരള ഗവർണർ വിളംബരപ്പെടുത്തുകയും ആയത് 2021 ജൂലൈ 2-ാം തീയതിയിലെ 1915-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ 2021-ലെ 52-ാം നമ്പർ ഓർഡിനൻസായി പ്രസിദ്ധീകരിക്കുകയും ചെയ്തു.

10. പ്രസ്തുത ഓർഡിനൻസിന് പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുള്ള ഒരു ബിൽ, 2021 ജൂലൈ 22-ാം തീയതി ആരംഭിച്ച് 2021 ആഗസ്റ്റ് 13-ാം തീയതി അവസാനിച്ച കേരള നിയമസഭയുടെ സമ്മേളനകാലത്ത് അവതരിപ്പിക്കുവാനും പാസ്സാക്കുവാനും കഴിഞ്ഞിരുന്നില്ല.

11. പ്രസ്തുത ഓർഡിനൻസിലെ വ്യവസ്ഥകൾ നിലനിർത്തുന്നതിനായി 2021-ലെ കേരള സ്വകാര്യ വനങ്ങൾ (നിക്ഷിപ്തമാക്കലും പതിച്ചുകൊടുക്കലും) ഭേദഗതി ഓർഡിനൻസ്, 2021 ആഗസ്റ്റ് 23-ാം തീയതി കേരള ഗവർണർ വിളംബരപ്പെടുത്തുകയും ആയത് 2021 ആഗസ്റ്റ് 24-ാം തീയതിയിലെ 2457-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ 2021-ലെ 98-ാം നമ്പർ ഓർഡിനൻസായി പ്രസിദ്ധീകരിക്കുകയും ചെയ്തു.

12. പ്രസ്തുത ഓർഡിനൻസിനു പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുള്ള ഒരു ബിൽ, പതിനഞ്ചാം കേരള നിയമസഭയുടെ 47-ാം നമ്പർ ബില്ലായി പ്രസിദ്ധീകരിച്ചുവെങ്കിലും 2021 ഒക്ടോബർ 4-ാം തീയതി ആരംഭിച്ച് 2021 നവംബർ 11-ാം തീയതി അവസാനിച്ച കേരള നിയമസഭയുടെ സമ്മേളനകാലത്ത് അവതരിപ്പിക്കുവാനും പാസ്സാക്കുവാനും കഴിഞ്ഞിരുന്നില്ല.

13. പ്രസ്തുത ഓർഡിനൻസിലെ വ്യവസ്ഥകൾ നിലനിർത്തുന്നതിനായി 2021-ലെ കേരള സ്വകാര്യ വനങ്ങൾ (നിക്ഷിപ്തമാക്കലും പതിച്ചുകൊടുക്കലും) ഭേദഗതി ഓർഡിനൻസ്, 2021 നവംബർ 13-ാം തീയതി കേരള ഗവർണർ വിളംബരപ്പെടുത്തുകയും ആയത് 2021 നവംബർ 14-ാം തീയതിയിലെ 3337-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ 2021-ലെ 140-ാം നമ്പർ ഓർഡിനൻസായി പ്രസിദ്ധീകരിക്കുകയും ചെയ്തു.

14. പ്രസ്തുത ഓർഡിനൻസിനു പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുള്ള ഒരു ബിൽ, കേരള നിയമസഭയുടെ 91-ാം നമ്പർ ബില്ലായി പ്രസിദ്ധീകരിച്ചുവെങ്കിലും 2022 ഫെബ്രുവരി 18-ാം തീയതി ആരംഭിച്ച് 2022 മാർച്ച് 18-ാം തീയതി അവസാനിച്ച കേരള നിയമസഭയുടെ സമ്മേളനകാലത്ത് അവതരിപ്പിക്കുവാനും പാസ്സാക്കുവാനും കഴിഞ്ഞിരുന്നില്ല.

15. പ്രസ്തുത ഓർഡിനൻസിലെ വ്യവസ്ഥകൾ നിലനിർത്തുന്നതിനായി 2022-ലെ കേരള സ്വകാര്യ വനങ്ങൾ (നിക്ഷിപ്തമാക്കലും പതിച്ചുകൊടുക്കലും) ഭേദഗതി ഓർഡിനൻസ്, 2022 മാർച്ച് 31-ാം തീയതി കേരള ഗവർണർ വിളംബരപ്പെടുത്തുകയും ആയത് 2022 മാർച്ച് 31-ാം തീയതിയിലെ 1092-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ 2022-ലെ 7-ാം നമ്പർ ഓർഡിനൻസായി പ്രസിദ്ധീകരിക്കുകയും ചെയ്തു.

16. 2022-ലെ 7-ാം നമ്പർ ഓർഡിനൻസിന് പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും യാതൊരു അധിക ചെലവും ഉണ്ടാകുന്നതല്ല.

എ. കെ. ശശീന്ദ്രൻ

(ശരിത്തർജ്ജമ)

# 1971-ലെ കേരള സ്വകാര്യ വനങ്ങൾ (നിക്ഷിപ്തമാക്കലും പതിച്ചുകൊടുക്കലും) ആക്റ്റിൽ നിന്നുള്ള പ്രസക്ത ഭാഗങ്ങൾ (1971-ലെ 26)

** ** ** **

3. <u>സ്വകാര്യവനങ്ങൾ ഗവൺമെന്റിൽ നിക്ഷിപ്തമാകുന്നതാണെന്ന്</u>.—(1) തൽക്കാലം നിലവിലുള്ള മറ്റേതെങ്കിലും നിയമത്തിലോ, ഏതെങ്കിലും കരാറിലോ മറ്റു രേഖയിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, എന്നാൽ (2)-ഉം, (3)-ഉം ഉപവകുപ്പുകളിലെ വ്യവസ്ഥകൾക്ക് വിധേയമായും, നിശ്ചിത തീയതിക്കും അന്നു മുതൽക്കും, കേരള സംസ്ഥാനത്തുള്ള എല്ലാ സ്വകാര്യവനങ്ങളുടെയും ഉടമാവകാശവും കൈവശാവകാശവും ഈ ആക്റ്റ് ഹേതുവായി എല്ലാ കുടിക്കടങ്ങളിൽ നിന്നും വിമുക്തമായി ഗവൺമെന്റിലേയ്ക്ക് കൈമാറ്റപ്പെടുന്നതും, ഗവൺമെന്റിൽ നിക്ഷിപ്തമായി രിക്കുന്നതും, ഏതെങ്കിലും സ്വകാര്യവനത്തിന്മേലുള്ള ഉടമയുടേയോ മറ്റേതെങ്കിലും ആളുടേയോ അവകാശവും, ഉടമാവകാശവും, അവകാശബന്ധവും ഇല്ലാതായിത്തീരുന്നതുമാകുന്നു.

(2) (1)-ാം ഉപവകുപ്പിൽ അടങ്ങിയിട്ടുള്ള യാതൊന്നും തന്നെ, 1963-ലെ കേരള ഭൂപരിഷ്കരണ ആക്റ്റ് (1964-ലെ 1) പ്രകാരം തനിയ്ക്ക് ബാധകമായ പരമാവധി വിസ്തീർണ്ണ ത്തിനുള്ളിലുള്ളതും താൻ നേരിട്ട് കൃഷിചെയ്യുന്നതുമായ ഒരു ഉടമയുടെ കൈവശമുള്ള സ്വകാര്യവനങ്ങളിൽപ്പെടുന്ന ഭൂമിയേയോ, അതിന്മേൽ നിൽക്കുന്നതോ അതോടു ചേർന്നിരിക്കുന്നതോ ആയ ഏതെങ്കിലും കെട്ടിടത്തെയോ എടുപ്പിനേയോ സംബന്ധിച്ച് ബാധകമായിരിക്കുന്നതല്ല.

<u>വിശദീകരണം</u>.—ഈ ഉപവകുപ്പിന്റെ ആവശ്യാർത്ഥം കൃഷിചെയ്യുക എന്നതിൽ ഏതെങ്കിലും ഇനത്തിൽപ്പെട്ട വൃക്ഷങ്ങളോ, ചെടികളോ കൃഷി ചെയ്യുന്നത് ഉൾപ്പെടുന്നു.

(3) (1)-ാം ഉപവകുപ്പിൽ അടങ്ങിയിട്ടുള്ള യാതൊന്നുംതന്നെ താൻ കൃഷി ചെയ്യാനുദ്ദേശിക്കുന്നതും നിശ്ചിത ദിവസത്തിനു മുമ്പ് എഴുതിക്കൊടുത്ത ഉടമാവകാശം സംബന്ധിച്ച രജിസ്റ്റർ ചെയ്ത സാധുവായ പ്രമാണപ്രകാരം താൻ കൈവശം വച്ചിട്ടുള്ളിടത്തോളമുള്ളതുമായ സ്വകാര്യവനത്തിന് ബാധകമായിരിക്കുന്നതല്ല. എന്നാൽ പ്രസ്തുത സ്വകാര്യവനവും 1963-ലെ കേരള ഭൂപരിഷ്കരണ ആക്റ്റ് III -ാം അദ്ധ്യായം ബാധക മാകുന്ന അയാളുടെ കൈവശമുള്ള മറ്റു ഭൂമികളും ചേർത്ത് പ്രസ്തുത ആക്റ്റ് 82-ാം വകുപ്പു പ്രകാരം അയാൾക്ക് ബാധകമായ പരമാവധി വിസ്തീർണ്ണത്തിൽ കവിയാൻ പാടുള്ളതല്ല.

(4) 1963-ലെ കേരള ഭൂപരിഷ്കരണ ആക്റ്റിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, (2)-ാം ഉപവകുപ്പിന്റേയോ, (3)-ാം ഉപവകുപ്പിന്റേയോ ആവശ്യങ്ങൾക്ക്, സ്വകാര്യ വനങ്ങളെ പ്രസ്തുത ആക്റ്റിന്റെ III-ാം അദ്ധ്യായം ബാധകമായിട്ടുള്ള ഭൂമികളായി കരുതേണ്ടതും, ഒരു ഉടമയ്ക്ക് ബാധകമായ പരമാവധി വിസ്തീർണ്ണം കണക്കാക്കുന്ന ആവശ്യത്തിലേക്ക് സ്വകാര്യവനങ്ങൾ പ്രസ്തുത ആക്റ്റിലെ II-ാം പട്ടികയിൽ പ്രത്യേകം പറഞ്ഞിട്ടുള്ള " മറ്റു പറമ്പുകൾ" ആയി കണക്കാക്കേണ്ടതുമാകുന്നു.

** ** ** **